**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2155** **30-09-2025 - ൽ മറുപടിയ്ക്ക്**

**ചാവക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | 2024-25 ബജറ്റിൽ 20% തുക വകയിരുത്തിയ ചാവക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ചാവക്കാട് പോലീസ് സ്റ്റേഷനു പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിലേക്കയച്ച കത്തിലെ Estimate Report പ്രകാരം അനുവദിക്കപ്പെട്ട 200 ലക്ഷം രൂപ കെട്ടിടനിർമാണത്തിന് അപര്യാപ്തമാണെന്നും Ground Floor, First Floor, Terrace എന്നിവയുടെ Structural Frame, കൽപ്പണി എന്നിവ മാത്രമേ Estimate ൽ ഉൾപ്പെട്ടിട്ടുള്ളൂ. നിർമ്മാണ പ്രവർത്തിയുടെ പൂർത്തീകരണത്തിന് അധികമായി ലഭിക്കേണ്ട തുകയുടെ എസ്റ്റിമേറ്റ് സമർപ്പിക്കാൻ തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയ 4,50,00,000/- (നാല് കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചു വരുകയും ചെയ്യുന്നു. ഇതു സംബന്ധിച്ച ശുപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി 2024-25 ബജറ്റിൽ അനുവദിച്ച 2 കോടി രൂപയ്ക്ക് പുറമേവരുന്ന തുക ആഭ്യന്തരവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ